(ബി) തോട്ടപ്പള്ളി സ്പിൽവേയുടെ കിഴക്ക് ഭാഗത്തെ കായൽവശം ഡ്രഡ്ജ് ചെയ്ത് ആഴം കൂട്ടുന്നതിന് 1.8 കോടി രൂപയുടെ എസ്റ്റിമേറ്റിൽ ഡിപ്പാർട്ടുമെന്റ് ഡ്രഡ്ജിന്റെ വാടക ഒഴിവാക്കി 56,01,000 (അമ്പത്തിയാറ് ലക്ഷത്തി ആയിരം) രൂപ അനുവദിക്കുകയുണ്ടായി ടി. പ്രവൃത്തി 22-3-2014-ൽ ഇടങ്ങുകയും അനുവദിച്ച ഇക പൂർണ്ണമായി വിനിയോഗിക്കുകയും ചെയ്തു. എം.എസ്.എൽ.നിന്നും 2.7 മീറ്റർ ആഴത്തിൽ ഡ്രഡ്ജ് ചെയ്യുന്നതിനായി 20-2-2015-ൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

ജലാശയങ്ങളുടെ കയ്യേറ്റം

139 (4942) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ ജലാശയങ്ങളെ കൈയ്യേറ്റത്തിൽനിന്ന് സംരക്ഷിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് ; ഇവയെ റവന്യൂ രേഖകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ എല്ലാ ജലാശയങ്ങളെയും കയ്യേറ്റത്തിൽനിന്നും വീണ്ടെടുത്തും റവന്യൂ രേഖകളിൽ ഉൾപ്പെടുത്തിയും സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഭൂജല റീ-ചാർജ് പ്രക്രിയയുടെ സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ സംരംഭത്തിനായി സർക്കാർ ഏതെല്ലാം തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ജലാശയങ്ങളെ കയ്യേറ്റത്തിൽനിന്നും സംരക്ഷിക്കുന്നതിനായി ജലസേചന വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. ഇതിനായി എല്ലാ ഉദ്യോഗസ്ഥൻമാർക്കും പ്രത്യേക നിർദ്ദേശം നൽകി ജലസേചനവകുപ്പ് ചീഫ് എഞ്ചിനീയർ 12-11-2013-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട റവന്യൂ അധികൃതരുമായി ചേർന്ന് കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റവന്യൂ രേഖകളിൽ ജലാശയങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഭൂജലവകുപ്പ് കഴിഞ്ഞ കുറേകാലങ്ങളായി ഭൂജലസംരക്ഷണവും കൃത്യമായ സംപോഷണവും എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. നദികളുടെ ഭാഗമായിട്ടുള്ള ചെറിയ കൈവഴികളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ചെറിയ തടയണ നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ട്. 2014-15-ൽ നാല്

LIBRARY ARCHIVES Kerala Legislative Assembly

തടയണകളുടെ നിർമ്മാണം ഭൂജലവകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിയ്ക്കായി നാൽപ്പത് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം അഞ്ച് തടയണകളുടെ നിർമ്മാണം നടന്നുവരുന്നു. ജലവിതാനം കുറയുന്ന സ്ഥലങ്ങളിൽ ഫണ്ടിന്റെ പരിമിതിയിൽ നിന്നുകൊണ്ട് ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

ചേർത്തലയിലെ പൊതു തോടുകൾ, കനാലുകൾ, കളങ്ങൾ നവീകരണം

140 (4943) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ ജലസേചന വകുപ്പിന്റെ ചുമതലയിൽ ചേർത്തല മണ്ഡലത്തിൽ നവീകരിച്ച പൊതുതോടുകളും കനാലുകളും പൊതുകളങ്ങളും ഏതെല്ലാമാണെന്നും അതിനായി വിനിയോഗിക്കപ്പെട്ട തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) ചേർത്തലയിലെ ഏതെല്ലാം പൊതുകളങ്ങൾ കല്ലുകെട്ടി സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ; ഇവയുടെ നവീകരണ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ചേർത്തലയിലെ നഗരഭാഗത്തോട് ചേർന്നുകിടക്കുന്ന എ.എസ്.കനാൽ, റ്റി.ബി.കനാൽ, മിൽസ് കനാൽ തുടങ്ങിയവയും ഫാക്ടറി മാലിന്യങ്ങൾ അടിഞ്ഞുകൂടി പകർച്ചവ്യാധികളും കാൻസറും അടക്കം ഒട്ടേറെ ആരോഗ്യഭീഷണിക്ക് കാരണമാകുന്ന വാരനാട്-പുത്തോട്ടതോടും വൃത്തിയാക്കി ആഴം കൂട്ടുന്നതിനും നവീകരിക്കുന്നതിനും നിരവധി നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെട്ടിട്ടും ഇനിയും പരിഗണിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചേർത്തല മണ്ഡലത്തിൽ തോടുകളും കനാലുകളും ഉൾപ്പെടെ മേജർ ഇറിഗേഷൻ മുഖാന്തിരം എട്ട് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ഇതിനായി 14,36,400 രൂപ വിനിയോഗിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* മൈനർ ഇറിഗേഷൻ മുഖാന്തരം അഞ്ച് പൊതു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly